ഉത്തരം

(എ) മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിന് സത്വരവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചുവരുന്നു. സെല്ലിന്റെ പ്രവർത്തന ഫലമായി നല്ല ശതമാനം പരാതികളിൻമേൽ സത്വര പരിഹാരം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. തീരുമാനം ഉണ്ടാകാൻ കാലതാമസം വന്നിട്ടുള്ളതായി കാണപ്പെടുന്ന പരാതികളുടെ ലിസ്റ്റ് തയ്യാറാക്കി, പോലീസ് വകുപ്പുമായി ബന്ധപ്പെട്ട പരാതികളിൽ നടപടി ത്വരിതപ്പെടുത്താൻ അതാത് ജില്ലാ പോലീസ് സൂപ്രണ്ടുമാരെ ചുമതലപ്പെടുത്താനും, മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികളെ സംബന്ധിച്ച് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി ഓരോ ജില്ലയിലും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനങ്ങളനുസരിച്ചുള്ള പ്രാരംഭ നടപടികൾ കോഴിക്കോട്, ആലപ്പുഴ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലേയ്ക്കും ക്രമേണ വ്യാപിപ്പിക്കുന്നതാണ്. ഇതിനുപുറമേ തീരുമാനം വൈകുന്ന പരാതികളെ സംബന്ധിച്ച് സെല്ലിന്റെതന്നെ ഒരു ടീം ബന്ധപ്പെട്ട ഓഫീസുകളിൽ നേരിട്ട് എത്തി ആവശ്യമായ മേൽനടപടികൾ കൈക്കൊള്ളാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) 31,686 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 26,099 പരാതികളിൽ തീരുമാനമായിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സായുധസേനയിൽ ഡി. പി. സി. കൂടുന്നതിനുള്ള കാലതാമസം

38 [38] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സായുധസേനയിലെ റിസർവ്വ് ഇൻസ്പെക്ടർ തസ്തികയിൽനിന്നും അസിസ്റ്റന്റ് കമ്മീഷണർ ആയി പ്രമോഷൻ നൽകുന്നതിന് ഡി.പി.സി. കൂടുന്നതിന് കാലതാമസമുണ്ടാകാൻ കാരണം വ്യക്തമാക്കുമോ;

(ബി) മുൻഗണനാക്രമം അനുസരിച്ച് ആർ.ഐ. മാരുടെ പ്രമോഷൻ കഴിഞ്ഞു മാത്രമേ എസ്.ഐ.-മാരുടെ പ്രമോഷൻ നൽകാവൂ എന്ന തത്വം ഇതുമൂലം അട്ടിമറിക്കപ്പെട്ടതിനെക്കുറിച്ച് അന്വേഷണം നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം മുൻഗണനാക്രമം തെറ്റിച്ച് ഡി.പി.സി. കൂടുവാൻ കാരണക്കാരനായ ഉദ്യോഗസ്ഥന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ ഉദ്യോഗസ്ഥൻ എത്ര നാളുകളായി പ്രസ്തുത തസ്തികയിൽ തുടരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സായുധസേനയിൽ റിസർവ്വ് ഇൻസ്പെക്ടർ തസ്തികയിൽനിന്നും അസിസ്റ്റന്റ് കമാണ്ടന്റായി പ്രമോഷൻ നൽകുന്നതിന് 19-4-2004-ൽ ഡി.പി.സി. കൂടുകയും 29-5-2004-ലെ സ.ഉ.(പി)203/04/ആഭ്യന്തരം നമ്പറിൽ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രമോഷൻ നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകളൊന്നുംതന്നെ അട്ടിമറിക്കപ്പെട്ടിട്ടില്ല.

(സി ആന്റ് ഡി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

പോലീസ് നയം

39 [39] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, പി. എസ്. സുപാൽ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പോലീസ് നയം പ്രഖ്യാപിച്ചിട്ടുണ്ടോ; പ്രസ്തുത നയത്തിൽ ഇപ്പോൾ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ മാറ്റം വരുത്തുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ച കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ, വർഗ്ഗീയ സംഘട്ടനങ്ങൾ, കൊലപാതകങ്ങൾ എന്നിവ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കഴിഞ്ഞ മൂന്നുവർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ കൊലപാതകങ്ങൾ, വർഗ്ഗീയ ലഹളകൾ, സംഘട്ടനങ്ങൾ, ഭവനഭേദനം, ക്ഷേത്രകവർച്ച, സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, ബലാൽസംഗം, കുട്ടികളെ തട്ടിക്കൊണ്ടുപോകൽ, ആത്മഹത്യകൾ, കുടുംബ ആത്മഹത്യകൾ എന്നിവയുടെ വിശദമായ കണക്ക് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly